| 30-07-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ദുഃഖഹർത്താവും സുഖകർത്താവും ഒരു ബാബയാണ്, ബാബ തന്നെയാണ് നിങ്ങളുടെ സർവ്വ ദുഃഖങ്ങളും ഇല്ലാതാക്കുന്നത്, മനുഷ്യന് ആരുടേയും ദുഃഖത്തിനെ ഇല്ലാതാക്കാൻ സാധിക്കില്ല.**

**ചോദ്യം:-** വിശ്വത്തിൽ അശാന്തിയുണ്ടാകാൻ കാരണം എന്താണ്? ശാന്തി എങ്ങനെ സ്ഥാപിക്കാൻ സാധിക്കും?

**ഉത്തരം:-** അനേകാനേകം ധർമ്മങ്ങളാണ് വിശ്വത്തിലെ അശാന്തിക്ക് കാരണം. കലിയുഗത്തിന്റെ അന്ത്യത്തിൽ അനേകം ധർമ്മങ്ങളുണ്ടാവുമ്പോഴാണ് അശാന്തിയുണ്ടാവുന്നത്. ബാബ വന്ന് ഒരു സത്യമായ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു അവിടെ ശാന്തിയായിരിക്കും ഉണ്ടാവുക. ലക്ഷ്മീ-നാരായണന്റെ രാജ്യത്തിൽ ശാന്തിയുണ്ടായിരുന്നു, പവിത്ര ധർമ്മവും, പവിത്ര കർമ്മവുമുണ്ടായിരുന്നു എന്ന് നിങ്ങൾക്കറിയാം. മംഗളകാരിയായ ബാബ വീണ്ടും ആ പുതിയ ലോകം പണിഞ്ഞുകൊണ്ടിരിക്കുകയാണ്. അവിടെ അശാന്തിയുടെ പേരുപോലും കാണില്ല.

**ഓം ശാന്തി**. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കി തരികയാണ്, ജ്ഞാന സാഗരൻ എന്ന് പറയുന്നത് ആത്മീയ അച്ഛനെത്തന്നെയാണ്. കുട്ടികൾക്ക് ഇതു് മനസ്സിലാക്കി തന്നിട്ടുണ്ട്. സാമൂഹ്യ സേവകർ ബോംബേയിൽ നിറയെ പേരുണ്ട്, അവിടെ മീറ്റിംഗും നടക്കാറുണ്ട്. ബോംബേയിൽ പ്രത്യേകിച്ചും അവരുടെ മീറ്റിംഗ് നടത്തുന്ന സ്ഥലത്തിന്റെ പേര് ഭാരതീയ വിദ്യാ ഭവൻ എന്നാണ്. പ്രധാനമായും രണ്ട് പ്രകാരത്തിലുള്ള വിദ്യയാണുള്ളത്. ഒന്ന് സ്കൂളിലും-കോളേജിലും നൽകപ്പെടുന്ന ഭൗതിക വിദ്യ. ഇപ്പോൾ അതിനെ വിദ്യാ ഭവൻ എന്ന് പറയുന്നുണ്ട്. ശരിക്കും അവിടെ മറ്റൊന്നാണ് പഠിപ്പിക്കുന്നത്. വിദ്യ എന്ന് എന്തിനെയാണ് പറയുന്നത്, അതിനെക്കുറിച്ച് മനുഷ്യന് അറിഞ്ഞു കൂടാ. ഇവിടെ ആത്മീയ വിദ്യാഭവൻ എന്നായിരിക്കണം പേര് വെക്കേണ്ടത്. ജ്ഞാനത്തിനെയാണ് വിദ്യ എന്ന് പറയുന്നത്. പരമപിതാ പരമാത്മാവു തന്നെയാണ് ജ്ഞാനസാഗരൻ. കൃഷ്ണനെ ഒരിക്കലും ജ്ഞാനത്തിന്റെ സാഗരൻ എന്ന് പറയില്ല. കൃഷ്ണന്റെ മഹിമയും, ശിവബാബയുടെ മഹിമയും വെവ്വേറെയാണ്. ഭാരതവാസികൾ ഈ കാര്യത്തിൽ സംശയത്തിലാണ്. ഗീതയുടെ ഭഗവാൻ കൃഷ്ണനാണ് എന്ന ധാരണയിലാണ് അവർ വിദ്യാഭവൻ തുറക്കുന്നത്. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഗീതയുടെ ജ്ഞാനത്തിനെയാണ് വിദ്യ എന്ന് പറയുന്നത്. ആ ജ്ഞാനം ഒരേയൊരു ബാബയിൽ മാത്രമേയുള്ളൂ. ആരാണ് ജ്ഞാനത്തിന്റെ സാഗരൻ എന്നത് ഒരു മനുഷ്യനും അറിയുന്നില്ല. വാസ്തവത്തിൽ ഭാരതവാസികളുടെ ധർമ്മ ശാസ്ത്രം എന്ന് പറയുന്നത് ഒന്ന് മാത്രമാണ് - അതാണ് സർവ്വ ശാസ്ത്രമയി ശിരോമണി ഭഗവത് ഗീത. അപ്പോൾ ആരെയാണ് ഭഗവാൻ എന്നു പറയുക? അതും ഈ സമയത്ത് ഭാരതവാസികൾക്കറിയില്ല ഒന്നുകിൽ കൃഷ്ണൻ എന്നുപറയും, അല്ലെങ്കിൽ രാമനെന്ന് പറയും. അതുമല്ലെങ്കിൽ സ്വയം തന്നെ പരമാത്മാവാണെന്ന് പറയുന്നു. രാവണ രാജ്യമായതു കാരണം, ഇപ്പോൾ സമയം തന്നെ തമോപ്രധാനമാണ്.

ശിവഭഗവാനുവാച എന്ന് പറഞ്ഞിട്ടായിരിക്കണം നിങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കേണ്ടത്. പരമപിതാ പരമാത്മാവാണ് ജ്ഞാനസാഗരനെന്നും, പരമാത്മാവിന്റെ പേര് ശിവൻ എന്നാണെന്നും ആദ്യം മനസ്സിലാക്കി കൊടുക്കണം. ശിവരാത്രി ആഘോഷിക്കുന്നുണ്ടെങ്കിലും, ആർക്കും ഒന്നും മനസ്സിലായിട്ടില്ല. തീർച്ചയായും ശിവൻ വന്നിട്ടുണ്ട്, അതുകൊണ്ടാണ് ശിവരാത്രി ആഘോഷിക്കുന്നത്. ശിവൻ ആരാണെന്നു പോലും അറിയില്ല. ഭഗവാൻ എല്ലാവരുടേതും ഒന്നു് തന്നെയാണ് എന്ന് ബാബ പറയുന്നു. സർവ്വ ആത്മാക്കളും സഹോദരീ- സഹോദരൻമാർ(ഭായി-ഭായി) ആണ്. ഒരേ ഒരു പരമപിതാ പരമാത്മാവാണ് ആത്മാക്കളുടെ അച്ഛൻ, ജ്ഞാന സാഗരൻ എന്ന് വിളിക്കുന്നതും ആ അച്ഛനെയാണ്. ദേവതകളിൽ ഈ ജ്ഞാനമില്ല. ഏത് ജ്ഞാനം? ഒരു മനുഷ്യനിലും രചയിതാവിന്റേയും രചനയുടെയും ആദി-മദ്ധ്യ-അന്ത്യത്തിന്റെയും ജ്ഞാനമില്ല. പ്രാചീനരായ ഋഷിമാർക്കോ-സന്യാസിമാർക്കോ പോലും ഈ ജ്ഞാനത്തെക്കുറിച്ച് അറിയില്ല എന്നും പറയാറുണ്ട് . പ്രാചീനം എന്നതിന്റെ അർത്ഥം പോലും അറിയില്ല. പ്രാചീനം എന്നു് പറയുന്നത് സത്യ- ത്രേതായുഗത്തേയാണ്. സത്യയുഗം പുതിയ ലോകമാണ്. അവിടെ ഋഷി-മുനിമാരാരും ഉണ്ടായിരുന്നതേയില്ല. ഈ ഋഷി-മുനിമാരൊക്കെ പിന്നീട് വന്നവരാണ്. ഈ ജ്ഞാനത്തെക്കുറിച്ച് അവർക്കും അറിയില്ല. അവരും അറിയില്ല-അറിയില്ല എന്ന് പറയുന്നു. അവർക്ക് പോലും അറിയുന്നില്ലെങ്കിൽ ഇപ്പോൾ തമോഗുണികളായിമാറിയ ഭാരതവാസികൾക്ക്, എങ്ങനെയറിയാൻ സാധിക്കും?

ശാസ്ത്രത്തിന്റെ അഹങ്കാരവും ഈ സമയം വളരെയധികമാണ്, ഈ ശാസ്ത്രത്തിലൂടെ ഭാരതം സ്വർഗ്ഗമായി ക്കഴിഞ്ഞെന്ന് വിചാരിക്കുകയാണ്. ഇതിനെ മായയുടെ ഗർവ്വ് കാട്ടൽ എന്നാണ് പറയുന്നത്. ഗർവ്വിന്റെ പതനം എന്ന പേരിൽ ഒരു നാടകവുമുണ്ട്. ഈ സമയം ഭാരതത്തിന്റെ അധ:പതനമാണെന്ന് പറയപ്പെടുന്നുണ്ട്. സത്യയുഗത്തിൽ ഉയർച്ചയും, ഇപ്പോൾ പതനവുമാണ്. ഇതിനെയൊന്നും ഒരിക്കലും സ്വർഗ്ഗമെന്ന് പറയില്ല. ഇതെല്ലാം മായയുടെ അഹങ്കാരം മാത്രമാണ്, ഇത് അവസാനിക്കുക തന്നെ ചെയ്യും. വിമാനങ്ങളും, വലിയ-വലിയ കൊട്ടാരവും, വൈദ്യുതിയും എല്ലാം ഉള്ളതു കൊണ്ട് ഇതു തന്നെ സ്വർഗ്ഗം എന്നാണ് മനുഷ്യർ വിചാരിക്കുന്നത്. ആരെങ്കിലും മരിച്ചാൽ സ്വർഗ്ഗവാസിയായി എന്ന് പറയുന്നു. സ്വർഗ്ഗത്തിൽ പോയി എന്നു പറയുമ്പോൾ സ്വർഗ്ഗം എന്ന് പറയുന്നത് മറ്റൊന്നാണ് എന്ന് മനസ്സിലാക്കുന്നില്ല. ഇത് രാവണന്റെ ഗർവ്വ് കാട്ടലാണ്, സ്വർഗ്ഗത്തിന്റെ സ്ഥാപന പരിധിയില്ലാത്ത അച്ഛൻ ചെയ്തു കൊണ്ടിരിക്കുകയാണ്. ഈ സമയം മായയും ഈശ്വരനും തമ്മിലും, ഈശ്വരീയ ലോകവും ആസുരീയ ലോകവും തമ്മിലുമുള്ള പിടിവലിയാണ്. ഇതും ഭാരതവാസികൾക്ക് മനസ്സിലാക്കി കൊടുക്കണം. താമസി യാതെ ധാരാളം ദുഖം വരാനിരിക്കുകയാണ്. അളവറ്റ ദുഃഖം വരാൻ പോകുകയാണ്. സ്വർഗ്ഗം എന്തായാലും സത്യയുഗത്തിൽ തന്നെയാണ്, കലിയുഗത്തിൽ ആയിരിക്കുകയില്ല. പുരുഷോത്തമ സംഗമയുഗം എന്ന് പറയുന്നത് എന്തിനെയാണെന്നതു പോലും ആർക്കും അറിയില്ല. ഇതും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ജ്ഞാനം പകലാണ്, ഭക്തി രാത്രിയാണ്. അന്ധകാരത്തിലാണ് ബുദ്ധിമുട്ടേണ്ടതായി വരുന്നത്. ഭഗവാനുമായുള്ള കൂടിച്ചേരലിനുവേണ്ടി എത്ര വേദ-ശാസ്ത്രങ്ങളാണ് പഠിക്കുന്നത്. ബ്രഹ്മാവിന്റെ രാത്രിയും പകലും തന്നെയാണ് ബ്രാഹ്മണരുടെയും രാത്രിയും പകലും. നിങ്ങളാണ് സത്യമായ ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണർ. ലൗകിക ബ്രാഹ്മണർ കലിയുഗത്തിലെ ശരീര വംശാവലികളാണ്. നിങ്ങൾ ബ്രാഹ്മണർ പുരുഷോത്തമ സംഗമയുഗത്തിലുള്ളവരാണ്. ഈ കാര്യങ്ങളൊന്നും മറ്റാർക്കും അറിയില്ല. ഈ കാര്യങ്ങളെല്ലാം മനസ്സിലായാൽ മാത്രമേ നമ്മൾ എന്താണ് ചെയ്യുന്നതെന്ന് ബുദ്ധിയിൽ വരികയുള്ളൂ. ഭാരതം സതോപ്രധാനമായിരുന്നപ്പോൾ, സ്വർഗ്ഗം എന്നാണ് പറയപ്പെട്ടിരുന്നത്. തീർച്ചയായും അപ്പോൾ ഇത് നരകം തന്നെയാണ്, അതുകൊണ്ടല്ലേ നരകത്തിൽ നിന്നും സ്വർഗ്ഗത്തിലേക്ക് പോകുന്നത്. അവിടെ ശാന്തിയും, സുഖവും ഉണ്ട്, ലക്ഷ്മീ-നാരായണന്റെ രാജ്യമല്ലേ. ജനസംഖ്യ എങ്ങനെ കുറയ്ക്കാം എന്ന് നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. അശാന്തി എങ്ങനെ മാറ്റാൻ സാധിക്കും? കലിയുഗമാകുന്ന പഴയ ലോകത്തിലാണ് അശാന്തിയുള്ളത്. ശാന്തിയുള്ളത് പുതിയ ലോകത്തിലാണ്. സ്വർഗ്ഗത്തിൽ ശാന്തിയുണ്ടായിരിക്കുമല്ലോ. അതിനെയാണ് ആദി സനാതന ദേവീ-ദേവതാ ധർമ്മം എന്ന് പറയുന്നത്. ഹിന്ദു ധർമ്മം ഇപ്പോഴുള്ളതാണ്, ഇതിനെ ആദി സനാതന ധർമ്മം എന്ന് പറയാൻ സാധിക്കില്ല. ഹിന്ദുസ്ഥാൻ എന്ന പേരു കാരണമാണ് ഹിന്ദു ധർമ്മം എന്ന് പറയപ്പെട്ടത്. ആദി സനാതന ദേവീ-ദേവതാ ധർമ്മമായിരുന്നു. അവിടെ പരിപൂർണ്ണമായ പവിത്രത, സുഖം, ശാന്തി, ആരോഗ്യം, സമ്പത്ത് മുതലായവ എല്ലാം ഉണ്ടായിരുന്നു. പതിത-പാവനാ വരൂ ഞങ്ങൾ പതിതരാണ്, എന്ന് വിളിക്കുന്നുമുണ്ട്. പതിത-പാവനൻ ആരാണ് എന്നതാണ് ഇപ്പോഴത്തെ ചോദ്യം? കൃഷ്ണനെ ഒരിക്കലും അങ്ങനെ പറയില്ല. പതിത-പാവനനായ പരമപിതാ പരമാത്മാവു തന്നെയാണ് ജ്ഞാനസാഗരൻ. പരമാത്മാവ് തന്നെയാണ് വന്ന് പഠിപ്പിക്കുന്നത്. ജ്ഞാനത്തിനെ പഠിപ്പ് എന്നാണ് പറയുന്നത്. മുഴുവൻ ആധാരവും ഗീതയിലാണ്. ഇപ്പോൾ നിങ്ങൾ പ്രദർശിനികൾ, മ്യൂസിയങ്ങൾ എന്നിവ തുറക്കുന്നുണ്ടെങ്കിലും ഇതുവരെ ആർക്കും തന്നെ ബി.കെ.യുടെ അർത്ഥം അറിയില്ല. ഇത് ഏതോ പുതിയൊരു ധർമ്മമാണെന്നാണ് മനസ്സിലാക്കുന്നത്. കേൾക്കുന്നുണ്ട്, എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു,എല്ലാവരും പൂർണ്ണമായും തമോപ്രധാനവും കല്ലുബുദ്ധികളുമാണ്. ഈ സമയം ശാസ്ത്രത്തിന്റെ അഹങ്കാരമുള്ളവരും ഒരുപാട് പേരുണ്ട്, ശാസ്ത്രത്തിലൂടെ അവനവന്റെ വിനാശം നടത്തുന്നവരെ കല്ലുബുദ്ധികൾ എന്നല്ലേ പറയുക. അവരെ പവിഴബുദ്ധികൾ എന്ന് പറയില്ല. അവനവന്റെ വിനാശത്തിനു വേണ്ടിയാണ് ബോംബുകളെല്ലാം ഉണ്ടാക്കുന്നത്. അല്ലാതെ ശങ്കരൻ വിനാശം നടത്തുന്നു എന്നല്ല. ഇവർ തന്നെ ഇവിടെ വിനാശത്തിനു വേണ്ടി എല്ലാം തയ്യാറാക്കി വച്ചിരിക്കുകയാണ്. പക്ഷെ തമോപ്രധാനരായ കല്ലുബുദ്ധികൾ ഇതൊന്നും തന്നെ മനസ്സിലാക്കുന്നില്ല. ഈ പഴയ സൃഷ്ടിയുടെ വിനാശത്തിനു വേണ്ടിയാണ് ഇതെല്ലാം തന്നെ ഉണ്ടാക്കുന്നത്. വിനാശമുണ്ടായാൽ മാത്രമേ പുതിയ ലോകത്തിന്റെ ജയാരവം മുഴങ്ങുകയുള്ളൂ. സ്ത്രീകളുടെ ദുഃഖം എങ്ങനെ ഇല്ലാതാക്കാം എന്നതിനെക്കുറിച്ച് അവർ ചിന്തിക്കുന്നു. ആരുടേയും ദുഃഖം ഇല്ലാതാക്കാൻ മനുഷ്യനെക്കൊണ്ട് സാധിക്കുകയില്ല. ദുഃഖം ഇല്ലാതാക്കി, സുഖം നൽകാൻ ഒരേ ഒരു ബാബയ്ക്കു മാത്രമേ കഴിയുകയുള്ളൂ. ദേവതകളെ പോലും അങ്ങനെ പറയാൻ സാധിക്കുകയില്ല. കൃഷ്ണനും ഒരു ദേവനാണ്. കൃഷ്ണനെ ഭഗവാൻ എന്ന് പറയാൻ സാധിക്കുകയില്ല. ഇതും ആരും മനസ്സിലാക്കുന്നില്ല. ആരാണോ മനസ്സിലാക്കിയിട്ടുള്ളത് അവർ ബ്രാഹ്മണരായി മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നു. ആദി സനാതന ദേവതാ ധർമ്മത്തിലുള്ളവരും,രാജ്യ പദവി നേടുന്നവരും മാത്രം ഇങ്ങോട്ടു വരും. എങ്ങനെയാണ് ലക്ഷ്മീ-നാരായണൻ സ്വർഗ്ഗത്തിന്റെ അധികാരികളായത്, വിശ്വത്തിന്റെ

അധികാരിയായിത്തീരുന്നതിനു വേണ്ടി എന്ത് കർമ്മമാണ് അവർ ചെയ്തത്? ഈ കലിയുഗത്തിന്റെ അന്തിമത്തിൽ അനേകം ധർമ്മങ്ങൾ ഉള്ളതു കാരണം അശാന്തിയാണ്. പുതിയ ലോകത്തിൽ ഇങ്ങനെയൊന്നും ഉണ്ടാവുകയില്ല. ഇപ്പോൾ ഇത് സംഗമയുഗമാണ്, ഇപ്പോഴാണ് ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നത്. ബാബയാണ് കർമ്മത്തിന്റേയും-അകർമ്മത്തിന്റേയും-വികർമ്മത്തിന്റേയും ജ്ഞാനം കേൾപ്പിക്കുന്നത്. കർമ്മം ചെയ്യാൻ വേണ്ടി ആത്മാവ് ശരീരം എടുക്കുന്നു. സത്യയുഗത്തിൽ ചെയ്യുന്ന കർമ്മം അകർമ്മമാണ്, അവിടെ വികർമ്മം ഉണ്ടാകുന്നില്ല. ദുഃഖം ഉണ്ടാകുകയില്ല. കർമ്മം, അകർമ്മം, വികർമ്മം ഇവയുടെ ഗതിയെക്കുറിച്ച് ബാബയാണ് ഈ അന്തിമ സമയത്ത് വന്ന് കേൾപ്പിക്കുന്നത്. ഞാൻ ഇദ്ദേഹത്തിന്റെ ഒരുപാട് ജന്മങ്ങളുടെ അന്ത്യത്തിലേതിലും അന്ത്യത്തിലാണ് വരുന്നത്. ഞാൻ ഈ രഥത്തിൽ പ്രവേശിക്കുന്നു. ഈ രഥം അകാല മൂർത്തി ആത്മാവിന്റേതാണ്. കേവലം ഒരു അമൃത് സറിൽ മാത്രമല്ല, എല്ലാ മനുഷ്യരുടേതും അകാലസിംഹാസനമാണ്. ആത്മാവ് അകാലമൂർത്തിയാണ്. ഈ ശരീരം സംസാരിക്കുകയും ചലിക്കുകയുമൊക്കെ ചെയ്യും. ഈ ചൈതന്യ സിംഹാസനം അകാലനായ ആത്മാവിന്റേതാണ്. ശരീരത്തിനെ കാലൻ കൊണ്ടു പോകും എന്നാൽ ആത്മാക്കൾ എല്ലാവരും അകാല മൂർത്തികളാണ്. ആത്മാവ് അകാലനാണ്. ബാക്കി സിംഹാസനം (ശരീരം) നശിക്കുന്നു. സത്യയുഗത്തിൽ ധാരാളം സിംഹാസനങ്ങൾ ഉണ്ടായിരിക്കുകയില്ല. ഇപ്പോൾ കോടിക്കണക്കിന് ആത്മാക്കളുടെ സിംഹാസനമുണ്ട്. അകാലൻ എന്നു പറയുന്നത് ആത്മാവിനെയാണ്. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകുന്നത് ആത്മാവാണ്. ഞാൻ സദാ സതോപ്രധാനവും പവിത്രവുമാണ്. പ്രാചീന ഭാരതത്തിലെ യോഗം എന്നു പറയുന്നുണ്ടെങ്കിലും,അത് കൃഷ്ണൻ പഠിപ്പിച്ചു എന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. ഗീതയെ തന്നെ ഖണ്ഡിച്ചു. ജീവ ചരിത്രത്തിൽ പേരിനെ മാറ്റി. അച്ഛന്റെപേരിനു പകരം മകന്റെ പേരിട്ടു. ശിവരാത്രി ആഘോഷിക്കുന്നുണ്ടെങ്കിലും ശിവൻ എങ്ങനെയാണ് വരുന്നത്, എന്ന് അറിയുന്നില്ല. പരമാത്മാവിനെയാണ് ശിവൻ എന്നു പറയുന്നത്. പരമാത്മാവിന്റെ മഹിമ തീർത്തും വ്യത്യസ്തമാണ്, ആത്മാക്കളുടെ മഹിമ വേറെയാണ്. ലക്ഷ്മിയും-നാരായണനുമാകുന്നത് രാധയും-കൃഷ്ണനുമാണെന്നുള്ള കാര്യം കുട്ടികൾക്കറിയാം. ലക്ഷ്മീ-നാരായണന്റെ യുഗ്മരൂപത്തിനെയാണ് വിഷ്ണു എന്ന് പറയുന്നത്. വ്യത്യാസമൊന്നുമില്ല. മനുഷ്യർക്ക് ഒരിക്കലും 4 ഭുജങ്ങളോ, 8 ഭുജങ്ങളോ ഉണ്ടാകുന്നില്ല. ദേവിമാർക്കെല്ലാം എത്ര ഭുജങ്ങളാണ് കാണിച്ചിരിക്കുന്നത്. മനസ്സിലാക്കി കൊടുക്കുവാൻ സമയം എടുക്കും.

ബാബ പറയുന്നു, ഞാൻ ദരിദ്രരുടെ നാഥനാണ്. ഭാരതം ദരിദ്രമാകുമ്പോഴാണ് ഞാൻ വരുന്നത്.ഇപ്പോൾ ഭാരതത്തിൽ രാഹുവിന്റെ ഗ്രഹണമാണ്. നേരത്തേ ബൃഹസ്പതി ദശയായിരുന്നു, ഇപ്പോൾ രാഹുവിന്റെ ഗ്രഹണം ഭാരതത്തിൽ മാത്രമല്ല മുഴുവൻ ലോകത്തിലുമുണ്ട് അതു കൊണ്ടാണ് ഭാരതത്തിൽ വീണ്ടും ബാബ വരുന്നതും, വന്ന് പുതിയ ലോകം സ്ഥാപിക്കുന്നതും. പുതിയ ലോകത്തെ സ്വർഗ്ഗം എന്നു പറയുന്നു. ഭഗവാനുവാച-ഞാൻ നിങ്ങളെ രാജാക്കന്മാരുടെയും രാജാവും, ഡബിൾ സിംഹാസനധാരിയായ സ്വർഗ്ഗത്തിന്റെ അധികാരിയുമാക്കുന്നു. അയ്യായിരം വർഷങ്ങൾക്കു മുൻപ് ആദി സനാതന ദേവീ-ദേവതാ ധർമ്മം ഉണ്ടായിരുന്നു. ഇപ്പോൾ അതില്ല,തമോപ്രധാനമായി കഴിഞ്ഞു. രചനയുടേയും രചയിതാവിന്റേയും പരിചയം ബാബ സ്വയം തന്നെ നൽകുന്നു. നിങ്ങളുടെ പ്രദർശനിയിലും, മ്യൂസിയത്തിലും നിറയെ ആളുകൾ വരുന്നുണ്ടെങ്കിലും, ആരും തന്നെ മനസ്സിലാക്കുന്നില്ല. മനസ്സിലാക്കി കോഴ്സ് കേൾക്കുന്നതും, രചനയെക്കുറിച്ചും രചയിതാവിനെക്കുറിച്ചും മനസ്സിലാക്കുന്നവരും വളരെ കുറച്ചു പേർ മാത്രമാണ്. പരിധിയില്ലാത്ത അച്ഛനാണ് രചയിതാവ്. ആ അച്ഛനിൽ നിന്നാണ് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്. ബാബയാണ് ഈ ജ്ഞാനം നൽകുന്നത്. രാജ്യം ലഭിച്ചതിനു ശേഷം ഈ ജ്ഞാനത്തിന്റെ ആവശ്യം വരില്ല. പുതിയ ലോകമായ സ്വർഗ്ഗത്തെയാണ് സദ്ഗതി എന്ന് പറയുന്നത്, പഴയ ലോകമായ നരകത്തിനെയാണ് ദുർഗതി എന്ന് പറയുന്നത്. വളരെ നല്ല രീതിയിലാണ് ബാബ മനസ്സിലാക്കി തരുന്നത്. കുട്ടികളും അങ്ങിനെതന്നെ മനസ്സിലാക്കി കൊടുക്കണം. ലക്ഷ്മീ-നാരായണന്റെ ചിത്രം കാണിച്ചുകൊടുക്കണം. ഈ വിശ്വത്തിൽ ശാന്തി സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. ബാബ സ്ഥാപിക്കുന്ന ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ അടിത്തറ തന്നെ ഇപ്പോഴില്ല. ദേവതകളുടേത് പവിത്ര കർമ്മവും, പവിത്ര ധർമ്മവുമായിരുന്നു. ഇപ്പോൾ ഇത് വികാരീ ലോകമാണ്. ശിവാലയം, നിർവ്വികാരി ലോകം എന്നെല്ലാണ് പുതിയ ലോകത്തിനെ പറയുന്നത്. മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ പാവങ്ങളായ മനുഷ്യർക്ക് എന്തെങ്കിലും നന്മയുണ്ടാകുന്നു. ബാബയെത്തന്നെയാണ് മംഗളകാരി എന്ന് പറയുന്നത്. പുരുഷോത്തമ സംഗമയുഗത്തിലാണ് ബാബ വരുന്നത്. മംഗളകാരിയായ സംഗമയുഗത്തിൽ മംഗളകാരിയായ ബാബ വന്ന് സർവ്വരുടേയും മംഗളം ചെയ്യുന്നു. പഴയ ലോകം പരിവർത്തനപ്പെടുത്തി പുതിയ ലോകം സ്ഥാപിക്കുന്നതും,. സദ്ഗതി ലഭിക്കുന്നതും ജ്ഞാനത്തിലൂടെയാണ്. ഇതിനെക്കുറിച്ച് ദിവസവും കുറച്ച് സമയം എടുത്ത് മനസ്സിലാക്കി കൊടുക്കുവാൻ കഴിയും. രചനയുടേയും രചയിതാവിന്റേയും

ആദി-മദ്ധ്യ-അന്ത്യത്തെക്കുറിച്ച് ഞങ്ങൾക്കേ അറിയൂ, എന്ന് പറയണം. ഗീതയുടെ എപ്പിസോഡ് ഇപ്പോഴാണ്, ഇതിലാണ് ഭഗവാൻ വന്ന് രാജയോഗം പഠിപ്പിച്ച് ഡബിൾ കിരീടധാരിയാക്കുന്നത്. രാജയോഗത്തിലൂടെയാണ് ലക്ഷ്മീ-നാരായണനും ഇങ്ങനെയായി തീർന്നത്. ബാബയിലൂടെ രാജയോഗം പഠിക്കുന്നത് ഈ സംഗമയുഗത്തിലാണ്. വളരെ സഹജമായിട്ടാണ് ബാബ ഓരോ കാര്യവും മനസ്സിലാക്കി തരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാല വന്ദനവും . ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം -

1. രാജയോഗത്തിന്റെ പഠിപ്പ് വരുമാനത്തിന്റെ ഉറവിടമാണ്, എന്തുകൊണ്ടെന്നാൽ ഇതിലൂടെത്തന്നെയാണ് നമ്മൾ രാജാക്കന്മാരുടെയും രാജാവാകുന്നത്. ഈ ആത്മീയ പഠിപ്പ് ദിവസേന പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം.

2. നമ്മൾ ബ്രാഹ്മണർ സത്യമായ മുഖ വംശാവലികളാണ് എന്ന ലഹരി സദാ ഉണ്ടായിരിക്കണം, നമ്മൾ ഇപ്പോൾ കലിയുഗമാകുന്ന രാത്രിയിൽ നിന്നും് പുറത്ത് വന്ന് പകലിലേക്ക് എത്തിയിരിക്കയാണ്, ഇത് മംഗളകാരിയായ പുരുഷോത്തമ യുഗമാണ്, ഇതിൽ തന്റെയും സർവ്വരുടേയും മംഗളം ചെയ്യണം.

## വരദാനം-തന്റെ ഓരോ ശ്രേഷ്ഠ സങ്കൽപങ്ങളെയും കർമ്മങ്ങളിലേക്കു കൊണ്ടുവരുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കട്ടെ.

സങ്കൽപവും,കർമ്മവും ഒരുപോലെയായിരിക്കുന്നവരെയാണ് മാസ്റ്റർ സർവ്വശക്തിവാൻ എന്നു പറയുന്നത്. സങ്കൽപം വളരെ ശ്രേഷ്ഠവും,കർമ്മം സങ്കൽപത്തിനനുസരിച്ച് ശ്രേഷ്ഠമായതുമല്ലായെങ്കിൽ മാസ്റ്റർ സർവ്വശക്തിവാൻ എന്നു പറയാനാവില്ല. അതിനാൽ,താങ്കളുടെ ശ്രേഷ്ഠ സങ്കൽപങ്ങൾ ശ്രേഷ്ഠ കർമ്മങ്ങളായി മാറുന്നുണ്ടോ എന്ന് പരിശോധിക്കണം. ഏതുശക്തി, ഏതുസമയത്ത് ആവശ്യമുണ്ടോ അപ്പോൾ ഉപയോഗിക്കാൻ കഴിയുക എന്നതാണ് മാസ്റ്റർ സർവ്വശക്തിവാന്റെ ലക്ഷണം. സ്ഥൂലവും, സൂക്ഷമവുമായ എല്ലാശക്തികളും അത്രയധികം നിയന്ത്രണത്തിലുണ്ടെങ്കിൽ മാത്രമേ ഏത് സമയത്ത് ഏത് ശക്തിയുടെ ആവശ്യം വന്നാലും അതിനെ ഉപയോഗിക്കാൻ കഴിയുകയുള്ളൂ.

## സ്ലോഗൻ - ജ്ഞാനം ധാരണ ചെയ്ത ആത്മാക്കളിൽ ക്രോധമുണ്ടാവുകയാണെങ്കിൽ അതിലൂടെ അച്ഛന്റെ പേരിന് ഗ്ളാനി ഉണ്ടാവുന്നു.